പോലീസ് വകുപ്പ്

കേരളം

**No.F5-130970/2023/PHQ**

പോലീസ് ഹെഡ്ക്വാട്ടേർസ്,
തിരുവനന്തപുരം
✉phq.pol@kerala.gov.in
📞04712721547
തീയതി. 02-08-2023

**സർക്കുലർ. 11/2023/പി എച്ച് ക്യൂ**

വിഷയം : പോലീസ് ആസ്ഥാനത്തെ ജീവനക്കാരുടെ 2023-24 സാമ്പത്തിക വർഷത്തെ ഇൻകംടാക്സ് ആന്റിസിപ്പേറ്ററി സ്റ്റേറ്റ്മെൻറ് സമർപ്പിക്കുന്നത് സംബന്ധിച്ച്.

2023-2024 സാമ്പത്തിക വർഷത്തെ ഇൻകം ടാക്സ് കാൽക്കുലേഷൻ നടത്തുന്നതിനായി പോലീസ് ആസ്ഥാനത്തെ ഇൻകം ടാക്സ് വാർഷിക വരുമാന പരിധിയായ രണ്ടരലക്ഷം രൂപയിൽ കൂടുതൽ വരുമാനമുള്ള മുഴുവൻ ജീവനക്കാരും 2023-24 സാമ്പത്തിക വർഷത്തിൽ പ്രതീക്ഷിക്കുന്ന വരുമാനത്തിന്റെ മുൻകൂർ പ്രസ്താവന (Anticipatory Statement) താഴെ പറയുന്ന നിർദ്ദേശങ്ങൾക്കനുസൃതമായി സമർപ്പിക്കേണ്ടതാണ്.

1.പോലീസ് ആസ്ഥാനത്തെ എല്ലാ ജീവനക്കാരും വരുമാനഭേദമന്യേ Form-12BB വ്യക്തമായി പൂരിപ്പിച്ച് 20/ 08/ 2023 ന് മുമ്പായി ഡി.ഡി.ഒ യ്ക്ക് സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം Form-12BB സമർപ്പിക്കാത്തവരുടെ മാസശമ്പളം പ്രോസസ്സ് ചെയ്യുവാൻ സാധിക്കുകയില്ല. ആയതിനാൽ എല്ലാ ജീവനകാരും Form-12BB വ്യക്തമായി പൂരിപ്പിച്ച് കൃത്യമായ സമയപരിധിക്കുള്ളിൽ തന്നെ സമർപ്പിക്കേണ്ടതാണ്. Form-12BB www.incometax.gov.in എന്ന വെബ്സൈറ്റിൽ നിന്നും സൗജന്യമായി ഡൌൺലോഡ് ചെയ്യാവുന്നതാണ്.

2.ആകെ വാർഷിക വരുമാനം 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ വരുന്ന എല്ലാ ജീവനക്കാരും അവരുടെ 2023-2024 സാമ്പത്തിക വർഷത്തെ ആകെ വരുമാനത്തിന്റെ ആന്റിസിപ്പേറ്ററി സ്റ്റേറ്റ്മെന്റ് (Form-12BB സഹിതം) 20/ 08/ 2023 ന് മുമ്പായി ഡി.ഡി.ഒ യ്ക്ക് സമർപ്പിക്കേണ്ടതാണ്.

3.ആന്റിസിപ്പേറ്ററി സ്റ്റേറ്റ്മെന്റിനൊപ്പം ഇൻകംടാക്സ് ഡിഡക്ഷന് വേണ്ടി സമർപ്പിക്കുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കേണ്ടതാണ്. ഒറിജിനൽ രേഖകൾ പരിശോധനയ്ക്കായി ആവശ്യപ്പെടുമ്പോൾ സമർപ്പിച്ചാൽ മതിയാകും.

4.ചികിത്സാ സർട്ടിഫിക്കറ്റുകളുടെ ആനുകൂല്യം ഇൻകംടാക്സ് വകുപ്പ് നിർദ്ദേശിക്കുന്ന രോഗങ്ങൾക്കുള്ള ചികിത്സയ്ക്ക് മാത്രമേ അനുവദിക്കാൻ കഴിയുകയുള്ളൂ. ഇൻകംടാക്സ് വകുപ്പിന്റെ ഉത്തരവിൽ പറയാത്ത രോഗങ്ങളുടെയും, അവ്യക്തമായ മെഡിക്കൽ സർട്ടിഫിക്കറ്റുകളും, ഇൻകംടാക്സ് വകുപ്പ് നിർദ്ദേശിച്ചിരിക്കുന്ന യോഗ്യതയില്ലാത്ത ഡോക്ടർമാർ നൽകുന്നതുമായ ചികിത്സാ സർട്ടിഫിക്കറ്റുകൾ എന്നിവ അപേക്ഷകനെ അറിയിക്കാതെ തന്നെ നിരസിക്കുന്നതാണ്.

5. ഭവന നിർമ്മാണ വായ്പ്പയുടെ പലിശയ്ക്കുള്ള ആനുകൂല്യം ആവശ്യപ്പെടുന്ന ഉദ്യോഗസ്ഥർ ആവശ്യപ്പെടുന്ന തുകയ്ക്ക് ആനുപാതികമായി ബാങ്കിൽ നിന്നുള്ള സർട്ടിഫിക്കറ്റ് കൂടി ഹാജരാക്കേണ്ടതാണ്. ഭവന നിർമ്മാണ വായ്പ്പ ജോയിന്റ് ആയിട്ട് എടുത്തിട്ടുള്ള ഉദ്യോഗസ്ഥർക്ക് ആകെ ക്ലെയിം തുകയുടെ പകുതി മാത്രമേ അപേക്ഷയിൽ കാണിക്കാൻ പാടുള്ളൂ. വീട് മെയിന്റനൻസിനായി എടുക്കുന്ന ലോണുകൾ ഈ ആനുകൂല്യത്തിന് പരിഗണിക്കുന്നതല്ല .

6. MEDISEP ഒഴികെയുള്ള മെഡിക്കൽ ഇൻഷുറൻസ് എടുത്ത തുകയുടെ ആനുകൂല്യം ആവശ്യപ്പെടുന്ന ഉദ്യോഗസ്ഥർ ഇൻഷുറൻസ് തുക തങ്ങളുടെ അക്കൌണ്ടിൽ നിന്നും തന്നെയാണ് അടച്ചിട്ടുള്ളതെന്ന (ഡിജിറ്റൽ രീതിയിൽ) രേഖകൂടി ഹാജരാക്കേണ്ടതാണ്. അല്ലാത്ത സർട്ടിഫിക്കറ്റുകൾ ഇനിയൊരറിയിപ്പില്ലാതെ തന്നെ നിരസിക്കുന്നതാണ്.

7.വാടക ആനുകൂല്യം ആവശ്യപ്പെടുന്നവർ വാടക എഗ്രിമെന്റ്, വാടകയുടെ കൈപ്പറ്റ് രസീത് എന്നിവ ഉൾപ്പെടെയുള്ള രേഖകൾ ഹാജരാക്കേണ്ടുന്നതും സാധുവല്ലാത്ത വാടക ആനുകൂല്യ അപേക്ഷകൾ അപേക്ഷകനെ അറിയിക്കാതെ തന്നെ നിരസിക്കുന്നതായിരിക്കും.

8.അംഗപരിമിതർക്ക് അനുവദിച്ചിട്ടുള്ള ഇൻകംടാക്സ് ആനുകൂല്യം ആവശ്യപ്പെടുന്ന ഉദ്യോഗസ്ഥർ ആയത് തെളിയിക്കുന്നതിനുള്ള രേഖകൾ കൂടി ഹാജരാക്കേണ്ടതാണ് .

9. 2023-24 സാമ്പത്തിക വർഷം ഇൻകംടാക്സ് അടയ്ക്കേണ്ടാത്ത ഉദ്യോഗസ്ഥരും ആന്റിസിപ്പേറ്ററി സ്റ്റേറ്റ്മെന്റ് കൃത്യമായി സമർപ്പിക്കേണ്ടതാണ്.

10. ഇൻകംടാക്സ് കുറവിനുള്ള ആനുകൂല്യങ്ങൾ അവകാശപ്പെടുന്ന ഉദ്യോഗസ്ഥർ ആയതു തെളിയിക്കുന്നതിനുള്ള കൂടുതൽ വിവരങ്ങൾ രേഖകൾ ഡി.ഡി.ഒ ആവശ്യപ്പെട്ടാൽ ആയത് കൃത്യ സമയത്ത് ഹാജരാക്കേണ്ടതും ഇത്തരത്തിൽ ഹാജരാക്കാൻ കാലതാമസം എടുക്കുന്നവരുടെ അപേക്ഷ മറ്റൊരു അറിയിപ്പില്ലാതെ തന്നെ നിരസിക്കുന്നതുമായിരിക്കും.

11. ഇൻകം ടാക്സ് ആന്റിസിപ്പേറ്ററി സ്റ്റേറ്റ്മെന്റ് എല്ലാ ജീവനക്കാരും വ്യക്തമായ സബ്മിഷനോട് കൂടി ടി അപേക്ഷയുടെ എല്ലാ പേജുകളും സ്കാൻ ചെയ്തിട്ടുണ്ടെന്ന് അപേക്ഷകൻ ഉറപ്പ് വരുത്തി നമ്പരിട്ട് F5 സെക്ഷനിൽ 20/08/2023 ന മുൻപ് തന്നെ നൽകേണ്ടതാണ്.

12. മേൽ നിർദ്ദേശങ്ങൾ എല്ലാ ജീവനക്കാരും കൃത്യമായി പാലിക്കേണ്ടതും ലീവ്/വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിൽക്കുന്ന ഉദ്യോഗസ്ഥരെ അവരുടെ കൺട്രോളിംഗ് ഓഫീസർമാർ ഈ വിവരം ധരിപ്പിച്ച് ആവശ്യമായ രേഖകൾ സമയവപരിധിക്കുള്ളിൽ ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.

13. ഏതെങ്കിലും സർട്ടിഫിക്കറ്റ്, സപ്പോർട്ടിംഗ് ഡോക്കുമെന്റ് ഹാജരാക്കേണ്ടുന്നതിന് സമയം ആവശ്യമായിട്ടുള്ളവർ ആ വിവരം രേഖാമൂലം ഡി ഡി ഒ യെ അറിയിക്കേണ്ടതാണ്.

14. മേൽ പറഞ്ഞ രേഖകൾ 20/08/2023 തീയതിക്ക് മുൻപ് ഹാജരാക്കാത്ത രണ്ടര ലക്ഷം രൂപയ്ക്ക് മുകളിൽ വരുന്ന ഉദ്യോഗസ്ഥരുടെ ഇൻകംടാക്സ് തുക കണക്കാക്കി 08/2023 മാസത്തെ ശമ്പളം മുതൽ ഇനിയൊരറിയിപ്പില്ലാതെ കുറവ് ചെയ്ത് തുടങ്ങുന്നതാണ്.

മനോജ് എബ്രഹാം ഐപിഎസ്
അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ്

സ്വീകർത്താവ് : പോലീസ് ആസ്ഥാനത്തെ എല്ലാ ജീവനക്കാർക്കും തുടർനടപടികൾ സ്വീകരിക്കുന്നതിനായി.

പകർപ്പ് : SFO/Manager/Duty Officer/CA to All Officers for Information

F5-130970/2023/PHQ

e1b030